ഉത്തരം

(എ) ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ:ഇ.ജി.പി., സി. ഡി. സ്കീം, എ. എൻ. പി. എന്നീ പദ്ധതികൾക്കായി മുദാക്കൽ പഞ്ചായത്തിൽ ഈ കാലയളവിൽ 9.80 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രയോജനം പഞ്ചായത്തിൽ 467 പേർക്ക് കിട്ടിയിട്ടുണ്ട്. ഇതിനുപുറമേ പഞ്ചായത്തിലെ പൊതുജനങ്ങൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്.

ഇരുപതിന പരിപാടിയനുസരിച്ച് നഗരൂർ പഞ്ചായത്തിൽ ചെലവഴിച്ച തുക

1395. [2081] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപതിന പരിപാടിയനുസരിച്ച് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാന്നൂർ മണ്ഡലത്തിൽ നഗരൂർ പഞ്ചായത്തിൽ എത്തെല്ലാം പദ്ധതികൾക്കുവേണ്ടി എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രയോജനം അവിടെ എത്രപേർക്ക് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., സി. ഡി. സ്കീം., ആർ. എൽ. ഇ. ജി. പി., എ. എൻ. പി. എന്നീ പദ്ധതികൾക്കായി ഈ കാലയളവിൽ നഗരൂർ പഞ്ചായത്തിൽ 9.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രയോജനം പഞ്ചായത്തിൽ 619 പേർക്ക് കിട്ടിയിട്ടുണ്ട്. ഇതിനുപുറമേ പഞ്ചായത്തിലെ പൊതുജനങ്ങൾക്കും ലഭിച്ചിട്ടുണ്ട്.

വി. ഇ. ഒ. മാർക്ക് നൽകുന്ന ട്രെയിനിംഗ്

1396. [2083] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1983-ലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ 1984-ൽ അഡ്വൈസ് ചെയ്ത എല്ലാവരെയും വികസന വകുപ്പിൽ നിയമിച്ചിട്ടുണ്ടോ ;

(ബി) ഇവർക്ക് എല്ലാവർക്കും പരിശീലനം നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പരിശീലനത്തിന്റെ കാലയളവ് എല്ലാവർക്കും തുല്യമായിരുന്നുവോ ;

(ഡി) അല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ട്രെയിനിംഗ് മുൻകാല പ്രാബല്യത്തോടെ അടിസ്ഥാന ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ട്രെയിനികൾക്ക് ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ജി) ഇവർക്ക് ട്രെയിനിംഗ് സമയത്ത് ഫീൽഡ് ട്രെയിനിംഗിന് പോകുമ്പോഴ ടി. എ. കൊടുക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം.

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് ചെയ്യുകയും പ്രീസർവ്വീസ് ട്രെയിനിംഗ് പൂർത്തിയാക്കുകയും ചെയ്ത എല്ലാവരെയും വി. ഇ. ഒ. മാരായി നിയമിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.
(സി) അല്ല.
(ഡി) ഭരണപരമായ ആവശ്യകത
(ഇ) നിർവ്വാഹമില്ല.
(എഫ്) സാദ്ധ്യമല്ല.
(ജി) ട്രെയിനിംഗ് കാലത്ത് ട്രെയിനികളെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ട് ടി. എ. കൊടുക്കാൻ നിർവ്വാഹമില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

ശ്രീമതി കെ.ആർ. ഗൗരി : സർ, ഞാൻ ഒരു അടിയന്തിരപ്രമേയം 9.30 a.m. കൊണ്ടുവന്നിരുന്നു. കഴിഞ്ഞ ദിവസം ചേർത്തലയിൽ നടന്ന ഒരു സംഭവത്തെ സംബന്ധിച്ചാണ്. ഞാൻ ഒരു സബ്മിഷനും കൊടുത്തിരുന്നു. വിവരം ശേഖരിച്ചിട്ട് പറയാമെന്നല്ലാതെ മറ്റ് മറുപടിയൊന്നും തന്നില്ല. സബ്മിഷനുശേഷം ഞാൻ ചേർത്തലയിൽ പോയി അതേക്കുറിച്ച് അന്വേഷിച്ചു. പിന്നീടാണ് അടിയന്തിരപ്രമേയം കൊടുത്തത്. ആ അടിയന്തിരപ്രമേയം മുഖ്യമന്ത്രിയുടെ കയ്യിലുണ്ട്. ചേർത്തലയിൽ നടന്ന പോലീസുകാരുടെ വിക്രിയകളും അതിനോടനുബന്ധിച്ച് അവിടെ നടന്നതായിട്ടുള്ള സ്ഥിതിവിശേഷത്തേയും സംബന്ധിച്ച് മുഖ്യമന്ത്രി മറുപടി തരണം.

(ബഹളം)

ഡെപ്യൂട്ടി സ്പീക്കർ : അടിയന്തിരപ്രമേയത്തിൽ വന്ന ഈ വിഷയത്തെക്കുറിച്ച് 12-ാം തീയതിതന്നെ ബഹുമാനപ്പെട്ട മെമ്പർ ഒരു സബ്മിഷൻ സമർപ്പിച്ചിരുന്നു. അത് മുഖ്യമന്ത്രി അന്ന് വിവരം ശേഖരിച്ച് പിറ്റേ ദിവസം പറയാമെന്നു പറഞ്ഞിരുന്നു. പിറ്റേ ദിവസം മുഖ്യമന്ത്രി മറുപടി പറയാൻ തയ്യാറായിവന്നിരുന്നു. പക്ഷേ അന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മ സീറ്റിൽ ഇല്ലായിരുന്നതുകൊണ്ട് അത് പറയാൻ സാധിച്ചില്ല. ഇപ്പോൾ അതിന് അടിയന്തിര സ്വഭാവമില്ലാത്തതുകൊണ്ട്, സബ്മിഷൻ മുഖേന ഉന്നയിച്ചതുമാണ്—അടിയന്തിരപ്രമേയത്തിനുള്ള അനുമതി ചെയർ നിക്ഷേധിച്ചു.

(ബഹളം)

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീകർ : ചെയർറൂളിംഗ് നല്കിയ കാര്യത്തെക്കുറിച്ച് ഇനി രണ്ടാമതൊരു പോയിന്റ് ഓഫ് ഓർഡർ അനുവദിക്കില്ല. ഒരു സബ്മിഷൻ മുഖേന ഉന്നയിച്ച കാര്യം രണ്ട് ദിവസം കഴിഞ്ഞ് അടിയന്തിരപ്രമേയമാക്കികൊണ്ടുവരുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly